"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**2087/2025/LSGD** തീയതി,തിരുവനന്തപുരം, **23-08-2025**

---

പരാമർശം:- 1. **06.03.2023** ലെ സ.ഉ.(സാധാ)**564/2023**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. **02.06.2023** ലെ സ.ഉ.(സാധാ)**1153/2023**/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

3. **25.06.2025** ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **LSGD/PD/11991/2024-DPLC2** നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം ചെയ്തതിനു **21/04/2023** മുതൽ **17/06/2023** വരെ **15,24,608/-** രൂപ ചെലവ് വന്നിട്ടുണ്ടെന്നും കുടിവെള്ള വിതരണം നടത്തിയ വാഹനത്തിന്റെ ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗും കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്തു സാക്ഷ്യപ്പെടുത്തിയുള്ളതാണെന്നും പരാമർശിത സർക്കാർ ഉത്തരവുകൾ പ്രകാരം **12,00,000/-** രൂപ കരാറുകാരന് നല്കിട്ടുണ്ടെന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ **3,24,608/-** രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ഭരണസമിതി തീരുമാനം, വാഹനത്തിന്റെ ജി.പി.എസ്. റിപ്പോർട്ട്, ടിപ്പ് ഷിറ്റ്, എന്നിവ സഹിതം കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ **21/04/2023** മുതൽ **17/06/2023** വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ

നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 3,24,608/- രൂപ, ചിലവ് ആധികാരികത കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കോട്ടൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടൂർ ഗ്രാമ പഞ്ചായത്ത് , കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ് 2)കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 23-08-2025 12:52:22